# കേരള പബ്ലിക് സർവീസ് കമ്മീഷൻ
# ജില്ലാ ഓഫീസ്, കണ്ണൂർ.

**സാധ്യതാ പട്ടിക നമ്പർ: പി.എൽ 5/2008/ഡി.ഒ.സി** **കണ്ണൂർ,**

**കാറ്റഗറി നമ്പർ** : **95/2006.** **03.12.2008**.

## വിജ്ഞാപനം

**13-10-2006** തീയതിയിലെ ഗസറ്റ് വിജ്ഞാപന പ്രകാരം കണ്ണൂർ ജില്ലയിൽ കൃഷി വകുപ്പിൽ **3350 – 5275 (പി.ആർ)** രൂപ ശമ്പള നിരക്കിൽ വർക്ക്സൂപ്രണ്ട് (കാറ്റഗറി നമ്പർ: **95/2006**) തസ്തികയിലേക്കുള്ള തെരഞ്ഞെടുപ്പിനായി 30–11–2007 തീയതിയിൽ നടത്തിയ ഒബ്ജക്റ്റീവ് (ഒ.എം.ആർ മൂല്യനിർണ്ണയം) മാതൃകയിലുള്ള പരീക്ഷയുടെ അടിസ്ഥാനത്തിൽ റാങ്ക്ലിസ്റ്റിൽ ഉൾപ്പെടാൻ സോപാധികമായി അർഹരാണെന്നു കണ്ട ഉദ്യോഗാർത്ഥികളുടെ രജിസ്റ്റർ നമ്പരുകൾ അടങ്ങിയ സാധ്യതാപട്ടിക ചുവടെ ചേർത്തിരിക്കുന്നു.

രജിസ്റ്റർ നമ്പരുകൾ അവയുടെ സംഖ്യാക്രമത്തിലാണ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. യാതൊരു കാരണവശാലും ഈ ക്രമീകരണം പ്രസ്തുത പരീക്ഷയുടെ റാങ്ക് ക്രമത്തെ സൂചിപ്പിക്കുന്നില്ല.

രജിസ്റ്റർ നമ്പരുകൾക്കു മുൻപിൽ 'C' കൂടി ചേർത്ത് വായിക്കേണ്ടതാണ്.

## പട്ടിക – I

| | |
|---|---|
| 100035 | 100066 |

## പട്ടിക – II
## മുഖ്യപട്ടിക

| | | | |
|---|---|---|---|
| 100089 | 100092 | 100097 | 100111 |
| 100136 | 100153 | 100201(PH) | 100212 |
| 100255 | 100266 | 100282 | 100285 |
| 100292 | 100316 | 100329 | 100336 |
| 100381 | | | |

## ഉപ പട്ടികകൾ

## ഈഴവ/തീയ്യ/ബില്ലവ

| | | | |
|---|---|---|---|
| 100042 | 100085 | 100119 | 100159 |
| 100178 | 100184 | 100194 | 100251 |
| 100284 | 100299 | 100376 | |

## പട്ടികജാതി

| | | | |
|---|---|---|---|
| 100049 | 100106 | 100112 | 100120 |
| 100121 | 100373 | | |

## പട്ടിക വർഗ്ഗം

100211

## മുസ്ലീം

100090 100171

## ലത്തീൻ കത്തോലിക്ക

100025

## മറ്റു പിന്നോക്ക സമുദായം

100150 100165 100231

## വിശ്വകർമ്മ

100192

## എസ് ഐ യു സി നാടാർ/ ആംഗ്ലോ ഇന്ത്യൻ

100014 100146

## മറ്റ് കൃസ്ത്യാനികൾ

ഇല്ല

## ധീവര

100221 100279

കുറിപ്പ്:

1) അപേക്ഷകളുടെ സൂക്ഷ്മപരിശോധനയ്ക്കും നിരുപാധിക സ്വീകാര്യതയ്ക്കും വിധേയമായി തീർത്തും സോപാധികമായാണ് രജിസ്റ്റർ നമ്പറുകൾ ഈ പട്ടികയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. സാധ്യതാപട്ടികയിൽ രജിസ്റ്റർ നമ്പർ ഉൾപ്പെട്ടു എന്നത് റാങ്ക് പട്ടികയിൽ പേര് ഉൾപ്പെടുന്നതിന് യാതൊരു അവകാശവും ഉദ്യോഗാർത്ഥികൾക്ക് പ്രദാനം ചെയ്യുന്നില്ല.

2) അപേക്ഷയിൽ ഉദ്യോഗാർത്ഥി രേഖപ്പെടുത്തിയിട്ടുള്ള വിശദാംശങ്ങളെ അടിസ്ഥാനമാക്കിയാണ് സാധ്യതാപട്ടിക തയ്യാറാക്കിയിട്ടുള്ളത്. അതിനു ശേഷമുള്ള അവകാശവാദങ്ങൾ ഒരു ഘട്ടത്തിലും പരിഗണിക്കുന്നതല്ല.

3) പരീക്ഷയിൽ **57** (അൻപത്തിയേഴ്) ഉം അതിൽ കൂടുതലും മാർക്ക് ലഭിച്ച ഉദ്യോഗാർത്ഥികളെയാണ് ഈ സാധ്യതാപട്ടികയുടെ മുഖ്യപട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ അടിസ്ഥാനമാർക്കിൽ ആവശ്യമായ ഇളവ് വരുത്തി ഉപപട്ടികകൾ തയ്യാറാക്കിയിരിക്കുന്നു.

4) സാധ്യതാ പട്ടികയിൽ രജിസ്റ്റർ നമ്പർ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ അപേക്ഷയിൽ അവകാശപ്പെട്ടിരിക്കുന്ന കാര്യങ്ങൾ – അതായത് വിദ്യാഭ്യാസ യോഗ്യത, ജനനത്തീയതി, ജാതി മറ്റു ആനുകൂല്യങ്ങൾ അവകാശപ്പെട്ടിരുന്നെങ്കിൽ അതും തെളിയിക്കുന്നതിന് ആവശ്യമായ പ്രമാണങ്ങളുടെ അസ്സലും ശരിപ്പകർപ്പും വെരിഫിക്കേഷൻ സമയത്ത് നേരിട്ട് ഹാജരാക്കേണ്ടതാണ്.

5) ഈ സാധ്യതാ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതും 25-08-2007-ലെ സർക്കാർ ഉത്തരവ് ജി.ഒ.(പി)നം.46/2007/എസ്.സി/.എസ്.റ്റി.ഡി.ഡി പ്രകാരം നോൺ ക്രീമീലെയർ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടവരുമായ മറ്റു പിന്നോക്ക സമുദായങ്ങളിൽപെട്ട ഉദ്യോഗാർത്ഥികൾ തങ്ങൾ ഹാജരാക്കേണ്ടതായ മറ്റു പ്രമാണങ്ങളോടൊപ്പം നോൺ ക്രീമീലെയർ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. മുഖ്യപട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഇത്തരം ഉദ്യോഗാർത്ഥികൾ നോൺ ക്രീമീലെയർ സർട്ടിഫിക്കറ്റ് യഥാസമയം ഹാജരാക്കുന്നതിന് വീഴ്ച വരുത്തുന്നപക്ഷം അവരെ സാമുദായിക സംവരണത്തിന് അർഹമല്ലാത്ത 'ഓപ്പൺ കോമ്പറ്റീഷൻ' ഉദ്യോഗാർത്ഥികളായി പരിഗണിക്കുന്നതാണ്. മറ്റു പിന്നോക്ക സമുദായങ്ങളുടെ ഉപ പട്ടികയിലുള്ള ഉദ്യോഗാർത്ഥികൾ നോൺ ക്രീമീലെയർ സർട്ടിഫിക്കറ്റ് യഥാസമയം ഹാജരാക്കാത്ത പക്ഷം, അവരുടെ രജിസ്റ്റർ നമ്പരുകൾ ഇനിയൊരറിയിപ്പ് കൂടാതെ ഈ സാധ്യതാപട്ടികയിൽ നിന്നും നീക്കം ചെയ്യുന്നതാണ്.

6) വിമുക്തഭടന്മാരായ ഉദ്യോഗാർത്ഥികൾ അവർക്കുള്ള പ്രത്യേക ആനുകൂല്യങ്ങൾ അപേക്ഷയിൽ അവകാശപ്പെട്ടിട്ടുണ്ടെങ്കിൽ ആയവ തെളിയിക്കുന്നതിനുള്ള അസ്സൽ രേഖകളും പകർപ്പുകളും ഹാജരാക്കേണ്ടതാണ്. സ്പോർട്ട്സ് ആനുകൂല്യം അവകാശപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾ അവ തെളിയിക്കുന്നതിനുള്ള അസ്സൽ രേഖകളും പകർപ്പുകളും ഹാജരാക്കേണ്ടതാണ്.

7) സമയബന്ധിതമായി റാങ്ക്ലിസ്റ്റ് പ്രസിദ്ധീകരിക്കേണ്ടതിനാൽ അസ്സൽ രേഖകളും പകർപ്പുകളും ഹാജരാക്കുന്നതിന് കൂടുതൽ സമയം അനുവദിക്കുകയോ വീണ്ടും ഒരവസരം നൽകുകയോ ചെയ്യുന്നതല്ല. ആകയാൽ അവസരം നഷ്ടപ്പെടാതിരിക്കാൻ ഉദ്യോഗാർത്ഥികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. രേഖകൾ ഹാജരാക്കുന്നതിന് ഉദ്യോഗാർത്ഥികൾ വെരിഫിക്കേഷൻ നിശ്ചയിച്ചിട്ടുള്ള ദിവസം കൃത്യസമയത്ത് സ്വന്തം ചെലവിൽ ഹാജരാകേണ്ടതാണ്.

8) നിലവിലുള്ള നടപടിക്രമമനുസരിച്ച് ഉത്തരക്കടലാസ്സ് പുന:പരിശോധന റാങ്ക്ലിസ്റ്റ് പ്രസിദ്ധീകരിച്ചതിനുശേഷം മാത്രമേ അനുവദിക്കുകയുള്ളൂ.

9) **ഉദ്യോഗാർത്ഥികളുടെ അസ്സൽ പ്രമാണങ്ങളുടെ പരിശോധന 16-12-2008 ന് രാവിലെ 9 മണിക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ കണ്ണൂർ ജില്ലാ ആഫീസിൽ വച്ച് നടത്തുന്നതാണ്. വികലാംഗരായ ഉദ്യോഗാർത്ഥികളുടെ സർട്ടിഫിക്കറ്റ് പരിശോധനയും യോഗ്യതാ നിർണ്ണയ തീയ്യതിയും ഉദ്യോഗാർത്ഥികളെ പ്രത്യേകം അറിയിക്കുന്നതാണ്.**

(ഉത്തരവിൻ പ്രകാരം)

(ഒപ്പ്)
കെ.ജി. സുശീലാമ്മ
ജില്ലാ ആഫീസർ
കെ.പി.എസ്.സി.ജില്ലാ ഓഫീസ്,കണ്ണൂർ

Nkp/c5.